ഉത്തരം

(എ&ബി) കണ്ണൂർ ജില്ലയിലെ വളപട്ടണത്തുള്ള (അഴീക്കൽ) സർക്കാർ ഐസ് പ്ലാന്റ്, മത്സ്യഫെഡിന്റെ കൊച്ചിയിലുള്ള ഐസ് ആന്റ് ഫ്രീസിംഗ് പ്ലാന്റിന്റെ ലിങ്ക് പ്ലാന്റായും, ഒരു മത്സ്യ സംസ്കരണ യൂണിറ്റായും ഉപയോഗിക്കുന്നതിന് മത്സ്യഫെഡിന് അനുമതി നൽകികഴിഞ്ഞിട്ടുണ്ട്.

**അഡാക് പദ്ധതി**

88 (916) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽപ്പെട്ട ഏതൊക്കെ പഞ്ചായത്തുകളെ 'അഡാക്ക്' പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പുതുതായി ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ രണ്ട് പഞ്ചായത്തുകൾ കൂടി ഉൾപ്പെടുന്നത് സംബന്ധിച്ച് നിവേദനം കിട്ടിയിട്ടുണ്ടോ ;

(സി) എങ്കിൽ ഈ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കുറിച്ചി, വാഴപ്പള്ളി.

(ബി) പായിപ്പാട്, കുറിച്ചി എന്നീ പഞ്ചായത്തുകളെ കൂടി ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം കിട്ടിയിട്ടുണ്ട്.

(സി) നിവേദനം ലഭിക്കുന്നതിനു മുമ്പ് തന്നെ കുറിച്ചി പഞ്ചായത്തിനെ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. പായിപ്പാട് പഞ്ചായത്തിലെ 1, 2, 3, 4 എന്നീ വാർഡുകൾ കൂടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് വേണ്ടിയുള്ള അംഗീകാരത്തിനായി 'അഡാക്കി'ന്റെ ഗവേണിംഗ് ബോഡിയിലേക്ക് ശുപാർശ ചെയ്യാൻ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

**മാനവീയം കൊണ്ടുണ്ടായ നേട്ടങ്ങൾ**

89 (920) ശ്രീ. ചെർക്കളം അബ്ദുള്ള
ശ്രീ. കെ. പി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാനവീയത്തിന് ഇതുവരെ എത്രകോടി രൂപ ചെലവഴിച്ചു ;

(ബി) മാനവീയം കൊണ്ടുണ്ടായ നേട്ടങ്ങൾ വിശദീകരിക്കുമോ ;

(സി) ചെലവിട്ട തുകയ്ക്ക് ആനുപാതികമായി നേട്ടമുണ്ടായിട്ടുണ്ടോ എന്ന് കണക്കാക്കിയിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly